# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1858 — 15.07.2016-ൽ മറുപടിയ്ക്ക്

## പരവൂർ ജി.ദേവരാജൻ മാസ്റ്റർക്ക് സ്മാരകം

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ

(എ) അന്തരിച്ച സംഗീത സംവിധായകൻ പരവൂർ ജി.ദേവരാജൻ മാസ്റ്റർക്ക് പരവൂരിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ)-യും (ബി)-യും അന്തരിച്ച പ്രശസ്ത സംഗീത സംവിധായകൻ ജി.ദേവരാജൻ മാസ്റ്റർക്ക് അദ്ദേഹത്തിന്റെ ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കണമെന്ന് ശ്രീ.ജി.എസ്.ജയലാൽ എം.എൽ.എ ആവശ്യപ്പെട്ടുകയും ഈ വിഷയം പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ഉന്നയിക്കുകയും ചെയ്തിരുന്നു. ജി.ദേവരാജൻ മാസ്റ്റർക്ക് ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലവും മറ്റടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടി ഉറപ്പായി പരിഗണിച്ചതിനാൽ സ്മാരക നിർമ്മാണത്തിനുള്ള സ്ഥല ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ബഹു: എം.എൽ.എയോട് ആവശ്യപ്പെട്ടിരുന്നു. സ്മാരക നിർമ്മാണത്തിനുള്ള സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും പരവൂർ നഗരസഭയിൽ ലഭ്യമാണെന്നും, വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുന്നതാണെന്നും ബഹു:എം.എൽ.എ. അറിയിച്ചിരുന്നുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ധനസഹായം അനുവദിക്കുന്നതിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ദേവരാജൻ മാസ്റ്റർ അന്ത്യവിശ്രമം കൊള്ളുന്ന പാർക്ക് സാംസ്കാരിക വകുപ്പ് അനുവദിച്ച 10 ലക്ഷം രൂപ ചെലവഴിച്ച് നഗരസഭ നവീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ